# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 22**

---

## എം.ജി പി.ജി ഏകജാലകം; സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിന്റെ സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് നാളെ(ജൂൺ 24) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

ഇതിനു ശേഷം ഈ ക്വാട്ടകളിലേക്ക് പ്രവേശനം അനുവദിക്കില്ല. പ്രവേശന സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകൾ നിർദേശിക്കുന്ന സമയത്തുതന്നെ ഹാജരായി പ്രവേശനം നേടണം. അല്ലാത്ത പക്ഷം അവസരം നഷ്ടപ്പെടുന്നതാണ്.

(പി.ആർ.ഒ/39/691/2023)

## ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർസർവകലാശാലാ ഭിന്നശേഷിപഠന കേന്ദ്രം(ഐ.യു.സി.ഡി.എസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്(ജി.ഡി.എ) കോഴ്സ് ആരംഭിക്കുന്നു.

നാട്ടിലും വിദേശത്തും ആശുപത്രികളിൽ നഴ്സുമാരെയും ഡോക്ടർമാരെയും സഹായിക്കുന്ന അസിസ്റ്റന്റ് നഴ്സ് തസ്തികയിൽ ജോലി ലഭിക്കുവാൻ ഉപകരിക്കുന്ന മൂന്നു മാസത്തെ കോഴ്സിൽ ഒരു മാസത്തെ ആശുപത്രി പരിശീലനവും പ്ലേസ്മെന്റ് സഹായവുമുണ്ട്.

സർവകലാശാലയിൽ വച്ചു നടക്കുന്ന ഓൺലൈൻ ക്ലാസുകളും ഓഫ്‌ലൈൻ ക്ലാസുകളും ജൂലൈ 10ന് ആരംഭിക്കും. ഫോൺ: 9946299968, 9744309884. ഇ-മെയിൽ- iucdsmgu@mgu.ac.in

(പി.ആർ.ഒ/39/692/2023)

## വൈവ വോസി

നാലാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി - മെയ് 2023 പരീക്ഷയുടെ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) ട്രാവൽ ആന്റ് ടൂർ ഇന്റേൺഷിപ്പ് വൈവ വോസി പരീക്ഷകൾ ജൂൺ 26 മുതൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/693/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി - മാർച്ച് 2023 പരീക്ഷയുടെ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/694/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**